കോന്നിയൂർ ആർ. നരേന്ദ്രനാഥ്

മാററത്തിൻെറ കാററ്

മനുഷ്യൻെറ ചരിത്രത്തിൽ ഇദം പ്രഥമമായി, മാതൃത്വവും പിതൃത്വവും വ്യക്തിയുടെ ഇച്ഛാനുസരണമുള്ള വസ്തുതയായി തീർന്നിരിക്കുന്നു.

ആധുനിക ജീവിതത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും വികസിത രാജ്യങ്ങളിൽ ഉണ്ട്. ഉന്നത ജീവിത നിലവാരം നേടിക്കഴിഞ്ഞിരിക്കുന്ന ഈ നാടുകളിൽ കുടുംബ ബന്ധങ്ങൾക്കു ഉണ്ടായിരിക്കുന്ന മാററങ്ങൾക്ക് ആധുനികശാസ്ത്രം വലിയ ഉത്തേജനം നൽകുകയുമാണ്. ഈ മാററങ്ങൾ പഴയ മൂല്യങ്ങളെ തകിടം മറിക്കുന്ന തരത്തിലാണ് സംഭവിക്കുന്നതും. പഴയ സങ്കല്പങ്ങളും ആദർശങ്ങളും ഈ സാഹചര്യത്തിൽ പുനഃപരിശോധനയ്ക്കു വിധേയമാകുകയുമാണ്. ഇവയുടെയൊക്കെ മാറെറാലി അല്പവികസിതമോ അവികസിതമോ ആയ രാജ്യങ്ങളിലും ചെന്നെത്തുന്നുണ്ട്. പലപ്പോഴും വികസിത രാജ്യങ്ങളിലെ സാമ്പത്തിക സംവിധാനത്തിൻെറ പ്രകാശമാനമായ മേഖലകളിൽ ആണ് നമ്മുടെ നോട്ടം പതിക്കാറുള്ളതു്. അതുകൊണ്ട് അവയെ ഉദ്ധരിച്ച് നമ്മുടെ ലക്ഷ്യങ്ങൾക്കും അത്തരത്തിലുള്ള ഒരു പരിവേഷം നൽകുവാൻ സ്വാഭാവികമായി ശ്രദ്ധിക്കുന്നു. അതോടൊപ്പം നില്ക്കുന്ന നിഴൽപ്പാടുകൾ, മനഃപൂർവ്വമല്ലെങ്കിലും, നമ്മുടെ കണ്ണിൽ അപൂർവ്വമായിട്ടേ പെടാറുള്ളു. സാമ്പത്തിക പുരോഗതി പ്രാപിക്കുന്നതോടൊപ്പം ജീവിതത്തിനു് ശക്തിയും സൗകുമാര്യവും നൽകുന്ന ശാലീന ഭാവങ്ങൾ നഷ്ടപ്പെടാതിരിക്കാനും നാം ശ്രദ്ധിക്കേണ്ടതല്ലേ? വികസിത രാജ്യങ്ങളിലെ ദുരന്തകഥകൾ നമുക്കു് പാഠമാകണം എന്നു ചുരുക്കം. മാനുഷിക ബന്ധങ്ങൾ സഹിക്കേണ്ടിവരുന്ന ആഘാതങ്ങളും തകർച്ചകളും മററും ശാന്തിയും സമാധാനവും സൗഖ്യവും സമൂഹത്തിനു് സംഭാവന ചെയ്യുന്നുണ്ടോ? വ്യക്തിസ്വാതന്ത്ര്യത്തെ ചൊല്ലിയുള്ളതാണെങ്കിലും ഫലത്തിൽ സ്വാതന്ത്ര്യം അരുളേണ്ട സൽഭാവങ്ങൾ അനുഭവയോഗ്യമായിട്ടുണ്ടോ? അമേരിക്കൻ ഐക്യനാടുകളിലെ സ്ഥിതിവിവരക്കണക്കുകളാണ് കൂടുതൽ സൗകര്യമായി സിദ്ധിക്കുന്നതു്. അതുകൊണ്ട് അവയെ ആസ്പദമാക്കി ഇവിടെ ചിന്തിച്ചുപോകുന്നതു് ക്ഷന്തവ്യമാണ്.

കുടുംബസംവിധാനം ഇന്നു് രഹസ്യമായ ഒരു വിഷയമല്ല. മുമ്പ് പണ്ഡിതന്മാരുടെ സമ്മേളനങ്ങളിൽ മാത്രം ചർച്ചാവിഷയമായിരുന്ന ഈ വിഷയം, ഇന്നു് ആരും എവിടെയും തടസ്സമില്ലാതെ സംഭാഷണ വിഷയമാക്കാൻ സ്വീകരിക്കാറുണ്ട്. സന്താന നിയന്ത്രണത്തിനു് സൗകര്യപ്രദമായിത്തീരുന്ന ഉപകരണങ്ങൾ ഇന്നു് രഹസ്യവില്പനയ്ക്കുള്ള ചരക്കുകളല്ല; പരസ്യവിപണിയിലെ പ്രധാന ഇനങ്ങളാണ്. സിഗററോ സോപ്പോ, മൊട്ടുസൂചിയോപോലെ ആർക്കും ഏതു കടയിൽനിന്നും അവ കിട്ടും! മനുഷ്യ ജനന നിയന്ത്രണം, കുടുംബത്തിൻെറയോ, രാഷ്ട്രത്തിൻെറയോ മാത്രം കാര്യമല്ലാ, മറിച്ച് അന്താരാഷ്ട്രപ്രാധാന്യമുള്ള ഒരു പരിപാടിയായി പരിണമിച്ചിരിക്കുന്നു. മനുഷ്യൻെറ ചരിത്രത്തിൽ ഇദംപ്രഥമമായി, മാതൃത്വവും പിതൃത്വവും വ്യക്തിയുടെ ഇച്ഛാനുസരണമുള്ള വസ്തുതയായിതീർന്നിരിക്കുന്നു. പണ്ട് നിർണ്ണായക കേന്ദ്രങ്ങൾ, കുടുംബവും, സമൂഹവും ആയിരുന്നു. വിവാഹവും തുടർന്നുള്ള സന്താനോല്പാദനവും കുടുംബത്തിൻെറയും സമൂഹത്തിൻെറയും സുപ്രധാനമായ ആവശ്യവുമായിരുന്നു. അചിരേണ ഈ സ്ഥിതിമാറി.

(ശേഷം 69-ാം പേജിൽ)

(16–ാം പേജിൽനിന്നും തുടർച്ച)

ഒരു പുരുഷൻ പിതാവായിത്തീരണോ, അഥവാ ഒരു വനിത അമ്മയായിത്തീരണോ എന്ന കാര്യം തികച്ചും അവരവരുടെ വ്യക്തിപരമായിക്കഴിഞ്ഞു. ഗർഭം ധരിച്ച ഒരു സ്ത്രീക്കു് അതു് പൂർത്തിയാക്കി, ശിശുവിനു ജന്മം നൽകണമോയെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ജനന നിയന്ത്രണോപാധികൾ, എവിടെ, എങ്ങിനെ, ഏതു സാഹചര്യത്തിൽ ആകാം എന്നു് അറിഞ്ഞിരിക്കണമെന്നുമാത്രം.

അമേരിക്കൻ ഐക്യനാടുകളിലെ കണക്കനുസരിച്ച് 1975-ൽ അഞ്ചു കുഞ്ഞുങ്ങൾ പിറന്നപ്പോൾ, ഒരു കുഞ്ഞിനെ അലസിപ്പിച്ചിട്ടുണ്ട്! ഇങ്ങനെ അലസിപ്പിച്ചിരുന്നതു് മാതാപിതാക്കളുടെ തീരുമാനത്തെ ആസ്പദമാക്കിയുമായിരുന്നു! നിയമവിധേയമായി ഗർഭം അലസിപ്പിക്കുന്നതിനു് നമ്മുടെ നാട്ടിൽ സർക്കാർ തന്നെ സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. 1980-ൽ കേരളത്തിൽ നിയമ വിധേയമായി ഗർഭഛിദ്രം നടത്തുന്നതിനുള്ള, 45 സ്വകാര്യ ആശുപത്രികളടക്കം, 121 അംഗീകൃതകേന്ദ്രങ്ങളുണ്ടായിരുന്നു! സർക്കാർ തലത്തിലുള്ള വിവിധ പരിപാടികളിലൂടെ കേരളത്തിൽ 1965-നും 79-നുമിടയ്ക്കു് ഇരുപതു ദശലക്ഷം ശിശുക്കൾ ജനിക്കുന്നതു് തടഞ്ഞിട്ടുണ്ടെന്ന വസ്തുത സ്മരണീയമത്രേ! 1960-ൽ ഇവിടത്തെ ജനനനിരക്കു് ആയിരത്തിനു് 38. 9 ആയിരുന്നതു് 1978-ൽ 25. 2 എന്നു് കുറഞ്ഞു. ഇതു് ഇനിയും കുറയുമെന്നാണു് ആധികാരികങ്ങളായ സ്ഥിതിവിവരങ്ങൾ വ്യക്തമാക്കുന്നതു്. ഇവിടത്തെ ലക്ഷ്യം, 1999-ൽ ആയിരത്തിനു് 15- എന്നാണു്. അതായതു് വികസിത രാജ്യങ്ങളായ ജപ്പാന്റെയും പശ്ചിമയൂറോപ്യൻ രാജ്യങ്ങളുടെയും നിലവാരത്തിലെത്തുക എന്നതുതന്നെ. ഭാരതത്തിൽ മറ്റൊരു സംസ്ഥാനത്തിലും ജനന നിയന്ത്രണം, കേരളത്തിലെ നിലവാരത്തിൽ എത്തിയിട്ടില്ല.

കുടുംബബന്ധത്തിന്റെ ഭാവത്തിനും രൂപത്തിനും സംവിധാനത്തിനും സംഭവിക്കുന്ന മാറ്റം മറ്റു ചില കാര്യങ്ങളിലും പ്രകടമാണു്. പരിഹരിക്കാനാവാത്ത ഏതെങ്കിലും കാരണത്താൽ, ഗർഭം ധരിച്ച് കുഞ്ഞിനു് പിറവി നല്കുവാൻ കഴിവില്ലാത്ത കുടുംബമാണു്, കുഞ്ഞുങ്ങളെ ദത്തെടുക്കുന്നതിനു് തയ്യാറാകുന്നതു്. എന്നാൽ ദത്തെടുക്കൽ അത്ര എളുപ്പമുള്ള ഒരു കാര്യമല്ല! അമേരിക്കൻ ഐക്യനാടുകളിൽ പോലും ചിലർക്കു് ഏഴോ അതിലധികമോ കൊല്ലം അവിടെ കാത്തിരിക്കേണ്ടിവരുന്നുണ്ട്. അത്തരക്കാർ അമാന്തം ഒഴിവാക്കി ഒരു കുട്ടിയെ കിട്ടാൻ 40,000 ഡോളർ വരെ 'കരിഞ്ചന്തയിൽ' കൊടുക്കാൻ ഒരുക്കമാണത്രേ! മറ്റു ചിലർ അന്യസ്ത്രീകളുടെ ഗർഭപാത്രം 'വാടകയ്ക്കു്''-എടുക്കാറുണ്ട്. അതിനു് കുറഞ്ഞതു് 15,000 ഡോളറോളം കൊടുക്കേണ്ടി വരുമെന്നുമാത്രം! ആണ്ടുതോറും ശരാശരി 20,000 അമേരിക്കൻ വനിതകൾ കൃത്രിമ ഗർഭോൽപാദന നടപടികൾ സ്വീകരിക്കാറുണ്ടെന്നാണു് കണക്കു്. അവിടെ കൊല്ലതോറും ശരാശരി 500,000 ശിശുക്കളെ അവിവാഹിതരായ അമ്മമാർ പ്രസവിക്കുന്നു. ഇതിൽ എൺപതു ശതമാനത്തോളം അമ്മമാർക്കും യാതൊരുവിധ ആക്ഷേപവും നേരിടേണ്ടി വരുന്നില്ല. മറിച്ച അവരെ സമൂഹം സാധാരണ അമ്മമാരെപ്പോലെ സ്വീകരിക്കുകയും ചെയ്യുന്നു.

'സഹകരണ ജീവിതം'

അമേരിക്കയെപ്പോലെയുള്ള രാജ്യങ്ങളിൽ യുവതീ യുവാക്കന്മാർ, സുഹൃത്തുക്കളായി, സ്ഥിരമായി ഒന്നിച്ച ജീവിക്കുന്ന രീതി വർദ്ധിച്ചുവരുകയാണു്. വിവാഹബന്ധത്തിന്റെ കെട്ടുപാടുകൾക്കു വിധേയമാകാതെ തന്നെ ഈ 'സഹകരണജീവിതം' പരോക്ഷമായിട്ടെങ്കിലും അനുവദിച്ച കൊടുക്കാനല്ലാതെ മറ്റു വഴിയില്ല. വ്യക്തിസ്വാതന്ത്ര്യത്തി

ന്റെ പേരിൽ സ്വീകരിച്ചുവരുന്ന ഈ ഏർപ്പാട്, യുവജനങ്ങളിൽ വിപുലമായ സ്വാധീനം ചെലുത്തി വരുന്നു എന്നാണ് സ്ഥിതി വിവരക്കണക്കുകൾ കാണിക്കുന്നത്.

പുതിയ വിലയിരുത്തൽ

പഴയ സങ്കല്പങ്ങളിലും ആദർശങ്ങളിലും ബന്ധങ്ങളിലും അടിസ്ഥാനമാക്കി രൂപം പ്രാപിച്ചിട്ടുള്ള കുടുംബമെന്ന കെട്ടുപാട് ഇന്നു എല്ലാ വിധത്തിലുമുള്ള സമ്മർദ്ദങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇവയെ കാര്യമായി കണക്കിലെടുത്തുകൊണ്ട് പുതിയ ഒരു വിലയിരുത്തൽ വേണ്ടി വന്നിട്ടുണ്ട്. പഴയ മൂല്യങ്ങളിൽ പലതും മററു രംഗങ്ങളിൽ നാം ഉപേക്ഷിച്ചു കഴിഞ്ഞു. ഇവിടെയും ഇതുപോലെ ഒരു പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പരിത്തനക്കാലം വരുത്തുന്ന പിരിമുറുക്കങ്ങളും സംഘർഷങ്ങളും സഹിക്കേണ്ടിവരുന്നത് വ്യക്തികൾ മാത്രമല്ല സമൂഹവുമാണ്. ബോധപൂർവ്വം വസ്തുതകൾ വിലിരുത്തി, കൊള്ളേണ്ടതു കൊള്ളുകയും തള്ളേണ്ടതു് തള്ളുകയും ചെയ്താൽ സംഘർഷങ്ങളും വേദനകളും ഒരു പരിധിവരെ തടയാൻ സാധിക്കും.

★